(ഐ) നൗഷാദ്യാൻ 500 ക്യുബിക് മീറ്റർ മണൽ ചോഴിയക്കോട് കടവിൽ നിന്നും വാരുന്നതിനും ശ്രീ. കെ.സി. രവീന്ദ്രൻ 12,000 ക്യുബിക് മീറ്റർ മണൽ 'ശങ്കിലി'കടവിൽ നിന്നും വാരുന്നതിനുമാണ് അപേക്ഷിച്ചിരുന്നത്. അപേക്ഷകളുടെ പകർപ്പ് മേശപ്പുറത്തു വയ്ക്കുന്നു.†

(2649) റെയിൽവേ ക്രോസിംഗിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുവാൻ നടപടി

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻ.എച്ച്. 17-ലെ പള്ളിക്കരം, പടന്നക്കാട് റെയിൽവേ ക്രോസിംഗിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ;

(സി) മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളെല്ലാം സംസ്ഥാന സർക്കാർ പൂർത്തിയാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായിട്ടാണോ മേൽപ്പാലം നിർമ്മിക്കാനാവശ്യമായ നടപടി ആരംഭിച്ചിട്ടുള്ളത്;

(എഫ്) എങ്കിൽ കേന്ദ്ര സർക്കാർ എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ വരുന്ന പള്ളിക്കര, പടന്നക്കാട് റെയിൽവേ ക്രോസിംഗിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന്റെ മുന്നോടിയായി ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ പണികൾ നടന്നുവരുന്നു.

(സി)&(ഡി) ലാന്റ് അക്വിസിഷൻ നടപടികൾ സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ പുരോഗമിച്ചുവരുന്നു.

(ഇ) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവും റെയിൽവേയും കൂടി ചേർന്നാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്.

(എഫ്) കേന്ദ്ര സർക്കാരിൽനിന്നും ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പള്ളിക്കര-226 ലക്ഷം രൂപ, പടന്നക്കാട്-106.66 ലക്ഷം രൂപ. ഇതിൽ പടന്നക്കാടിന്റെ പ്രൊപ്പോസൽ ജി.എ.ഡി. റെയിൽവേയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇതിന്റെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2656) കണ്ണൂർ ജില്ലയിലെ സുൽത്താൻതോട്

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കണ്ണൂർ ജില്ലയിലെ സുൽത്താൻ തോട് ഉദ്ഘാടനം ചെയ്യപ്പെട്ട തിനാൽ നീലേശ്വരം, കോട്ടപ്പുറം മുതൽ പറശ്ശിനിക്കടവ് വരെ ബോട്ട് സർവ്വീസ് നടത്തുവാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ എത്ര ബോട്ടുജെട്ടികളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; അവ എവിടെയെല്ലാമാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഇത് സംബന്ധിച്ച് വ്യക്തമായ തീരുമാനങ്ങൾ കൈക്കൊണ്ട തായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(2669) കാർഷികവിളകൾ നഷ്ടപ്പെട്ട സംഭവം

ശ്രീ. വി. ബാലറാം :
ശ്രീ. എം. മുരളി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ ചില ഭാഗങ്ങളിൽ കെ.എസ്.കെ.ടി.യു.-ന്റെ നേതൃത്വത്തിൽ കാർഷികവിളകൾ നശി പ്പിക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഈ സംഭവങ്ങളിൽ എന്തു തുകയുടെ കൃഷിനാശം സംഭവിച്ച തായി കണക്കാക്കപ്പെടുന്നു;

(സി) ഇപ്രകാരം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരി ഹാരം നൽകണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പ് നാശനഷ്ടം കണക്കാക്കിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇത്തരത്തിലുള്ള കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതികളൊന്നും കൃഷിവകുപ്പിൽ നിലവിലില്ല.

(2677) നാളികേര വികസന കോർപ്പറേഷൻ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) നാളികേര വികസന കോർപ്പറേഷന്റെ കഴിഞ്ഞ 5 വർഷക്കാ ലത്തെ ലാഭനഷ്ടങ്ങൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly